(സി) ഇടുക്കി, മഞ്ചേരി, കോന്നി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ജില്ലാ/ജനറൽ ആശുപത്രികളെയാണ് മെഡിക്കൽ കോളേജുമായി ബന്ധിപ്പിക്കുന്നതിന് തീരുമാനിച്ചത്.

കാത്ത് ലാബ് സ്ഥാപിക്കുന്ന നടപടി

18 (707) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത കാത്ത് ലാബ് നടപ്പ് സാമ്പത്തികവർഷം തന്നെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി വേണ്ടിവരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തികവർഷത്തിൽ കാത്ത് ലാബ് & ഐ.സി.യു. സംവിധാനം ആരംഭിക്കുക എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി, എറണാകുളം, ജില്ലാ ആശുപത്രി കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപയോളം ചെലവുവരുന്നതിനാൽ നടപ്പുസാമ്പത്തികവർഷം ജനറൽ ആശുപത്രി, എറണാകുളം ആണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) നടപ്പ് സാമ്പത്തികവർഷം കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ജീവൻ രക്ഷാ മരുന്നുകളുടെ ക്ഷാമം

19 (708) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾക്ക് കടുത്ത ക്ഷാമം ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിശ്ശിക നൽകാത്തതിനാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് (കെ.എം.എസ്.സി.എൽ.) മരുന്നു നൽകേണ്ടന്ന് ഉത്തരേന്ത്യൻ മരുന്നു കമ്പനികൾ തീരുമാനിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly